**പതിനാലാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.900 06.06.2018 -ലെ മറുപടിക്ക്**

# കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം കോളനികളുടെ നവീകരണത്തിനാണ് പണം അനുവദിച്ചത്; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പിണറ്റിൻമൂട് കൊഴുമ്പിൽ തെക്കേക്കര കോളനി, താമരക്കുടി ഇരവിക്കോട് എന്നീ കോളനികൾക്കാണ് അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചത്. |
| (ബി) | കോളനികളുടെ നവീകരണത്തിനുള്ള വിശദമായ പദ്ധതിരേഖയ്ക്ക് വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തനാനുമതി നൽകിയത് എന്നാണെന്ന് വിശദമാക്കുമോ; | (ബി) | 1. പിണറ്റിൻമൂട് കൊഴുമ്പിൽ തെക്കേക്കര കോളനി - 08.01.2018<br>2. താമരക്കുടി ഇരവിക്കോട് -21.05.2018 |
| (സി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നാളിതുവരെയും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | (സി) | നിർവ്വഹണ ഏജൻസി പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതാണ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിലുണ്ടായിരുന്ന തടസ്സം. എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളതിനാൽ നിർവ്വഹണ ഏജൻസിയുമായി ചേർന്ന് ധാരണാപത്രം ഒപ്പ് വച്ച് പ്രവൃത്തികൾ ആരംഭിക്കുവാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ